No. 24262/D3/11/PWD

# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6984** — **02.11.2011 - ൽ മറുപടിക്ക്**

## കന്യാകുമാരി-സേലം ദേശീയപാത

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലൂടെ കടന്നുപോകുന്ന ദേശീയപാതയുടെ പേരിൽ ഇപ്പോൾ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ കന്യാകുമാരി-സേലം ദേശീയ പാതയുടെ നേരത്തെ ഉണ്ടായിരുന്ന പേരും ഇപ്പോഴത്തെ പേരും വ്യക്തമാക്കുമോ; | (ബി) | എൻ.എച്ച്. 17 കേരളത്തിൽ തലപ്പാടിയിൽ പ്രവേശിച്ച് ഇടപ്പള്ളിയിൽ അവസാനിക്കുകയും എൻ.എച്ച്.47 വാളയാറിൽ പ്രവേശിച്ച് കളിയിക്കാവിളയിൽ കൂടി കടന്നു പോകുന്നതാകുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഗസറ്റ് നോട്ടിഫിക്കേഷൻ നം.എസ്സ്.ഒ.ബി.689(ഇ) തീയതി 04.04.2011 പ്രകാരം ദേശീയ പാതകളുടെ നാമകരണം പുനർനിർവചിക്കുകയും തൻമൂലം എൻ.എച്ച്. 17, എൻ.എച്ച്. 47 എന്നിവ ചേർന്ന് തലപ്പാടി-ഇടപ്പള്ളി- കളിയിക്കാവിള വരെയുള്ള 669.437 കി.മീ. എൻ.എച്ച്. 66 ആയും എൻ.എച്ച്.47 -ലെ ശേഷിക്കുന്ന വാളയാർ മുതൽ ഇടപ്പള്ളി വരെയുള്ള 160 കി.മീ. എൻ.എച്ച്. 544 ആയും പുനർനാമകരണം ചെയ്ത് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പേര് മാറ്റം സംബന്ധമായി കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് വകുപ്പിൽ നിന്ന് സംസ്ഥാനത്തിന് അറിയിപ്പ് ഇതിനകം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | കത്ത് നം.എൻ.എച്ച് 14019/9/ 2007 പി.& എം. തീയതി 08.06.2011 പ്രകാരം കേന്ദ്ര മന്ത്രാലയത്തിന്റെ അറിയിപ്പ് ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഔദ്യോഗിക രേഖകളിൽ പേര്മാറ്റം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; പേരുമാറ്റ നടപടികൾ എന്ന് പൂർത്തിയാകും? | (ഡി) | പേരുമാറ്റം പ്രാബല്യത്തിൽ വന്നെങ്കിലും പ്രാരംഭഘട്ടമെന്ന നിലയിൽ പഴയതും പുതിയതുമായ നമ്പരുകൾ ഔദ്യോഗിക രേഖകളിൽ ഉപയോഗിക്കുന്നു. പേരുമാറ്റ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ